**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1626** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>വികസിത ഭാരത് ഗാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** വികസിത ഭാരത് ഗാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഭേദഗതി ചെയ്തുകൊണ്ട് വികസിത് ഭാരത് ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ- ഗ്രാമീൺ നിയമം, 2025 (VB-GRAMG) പാർലമെന്റ് 21.12.2025-ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. 11.05.2026-ലെ S.O 2383 (E) നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പിൻവലിക്കുകയും 11.05.2026-ലെ 2382(E) നം. ഗസറ്റ് വിജ്ഞാപന പ്രകാരം വികസിത് ഭാരത്-ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) ആക്ട് പ്രാബല്യത്തിൽ ആക്കി കൊണ്ടും കേന്ദ്ര സർക്കാർ വിജ്ഞാപനം ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം 2026 ജൂലൈ 1 മുതൽ വികസിത ഭാരത് ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) നിയമം പ്രാബല്യത്തിൽ ആകുന്നതാണ്.

പ്രസ്തുത പദ്ധതിക്കായി കേന്ദ്രവിഹിതമായി ₹3136.44 കോടിയും സംസ്ഥാന വിഹിതമായി ₹1431.5 കോടിയും വകയിരുത്തിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിക്കായി അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ അനുപാതികമായി വഹിക്കേണ്ട തുക എത്രയാണെന്നും പുതുക്കിയ സംസ്ഥാന ബജറ്റിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** 'വികസിത് ഭാരത്-ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ- ഗ്രാമീൺ' (VB-GRAMG) പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് 12 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ ₹3136.44 കോടി വകയിരുത്തിയിട്ടുണ്ട്. അതിനു ആനുപാതികമായി സംസ്ഥാന

സർക്കാർ വഹിക്കേണ്ട തുക ₹2090.96 കോടിയാണ്. പുതുക്കിയ സംസ്ഥാന ബജറ്റിൽ വികസിത് ഭാരത്-ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ- ഗ്രാമീൺ പദ്ധതിയ്ക്കായി ₹1431.5 കോടി നീക്കി വച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**